## ഭൂദാനത്തിനായി ഭൂമി

7 [2896] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്ക വില്ലേജിൽ മയിലാംകോട്ട എന്ന സ്ഥലത്ത് ഭൂദാനത്തിനായി സർക്കാർ ഭൂമി റിസർവ് ചെയ്ത് വച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 10 ഏക്കർ.

(സി) ഭൂദാനത്തിനായി നീക്കിവച്ച 10 ഏക്കറിൽ, 2 ഏക്കർ എസ്.എം. 1976/76 പ്രകാരം ജോസഫ് സൺ ഓഫ് ഔസേഫിനും ഒന്നര (1½) ഏക്കർ എസ്.എം. 549/78 പ്രകാരം ശേഷപ്പ ഗൗഡയ്ക്കും 0.25 ഏക്കർ എസ്.എം. 340/73 പ്രകാരം മുത്തണ്ണ ഗൗഡയ്ക്കും പതിച്ച് നൽകിയിട്ടുണ്ട്. (ആകെ 3.75 ഏക്കർ സ്ഥലം) ബാക്കിയുള്ള 6.25 ഏക്കറിൽ 0.25 ഏക്കർ സ്ഥലം റോഡായി ഉപയോഗിച്ച് വരുകയും 6 ഏക്കർ സ്ഥലം താഴെ പറയുന്ന 12 പേർക്ക് ജി.ഒ. (പി) 321/99/ആർ. ഡി. തീയതി 7-8-99 പ്രകാരം പതിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

1. കെ. എം. മാത്യു
2. ടി. കെ. ചന്ദ്രൻ
3. റോയി
4. വെള്ളച്ചി
5. ബിജു വർഗ്ഗീസ്
6. റോസമ്മ തോമസ്
7. മുദ്രാണി
8. ശാന്ത വിജയൻ
9. ഉമേഷൻ
10. സുബൈർ
11. ടി. ബാബു
12. നാരായണി കൃഷ്ണദാസ്.

LIBRARY ARCHIVES Kerala Legislative Assembly